# <u>പതിനാലാം കേരള നിയമസഭ</u>

## <u>നാലാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:</u> **900** <u>01.03.2017 -ൽ മറുപടിക്ക്</u>

## <u>പഴശ്ശി സാഗർ ചെറുകിട ജലവൈദ്യുത പദ്ധതി</u>

| <u>**ചോദ്യം**</u> | | <u>**മറുപടി**</u> |
|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ | | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പഴശ്ശി അണക്കെട്ടിൽ പഴശ്ശി സാഗർ ചെറുകിട ജലവൈദ്യുത ' പദ്ധതി നിർമ്മാണത്തിന് ജലവിഭവ വകുപ്പിന്റെ നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്നും ജലവിഭവ വകുപ്പിന്റെ അധീനതയിൽ നിന്നും 3.05 ഹെക്ടർ സ്ഥലം കേരള സ്റ്റേറ്റ് വിദ്യുത്ച്ഛക്തി ബോർഡ് ലിമിറ്റഡിനു കൈമാറ്റം ചെയ്തു നൽകണമെന്നും ഉള്ള വൈദ്യുതി ബോർഡിന്റെ അപേക്ഷയിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ; | (എ)<br>യും<br>(ബി)<br>യും | പഴശ്ശി സാഗർ ചെറുകിട ജലവൈദ്യുത പദ്ധതി യിൽ ജൂൺ മുതൽ ഡിസംബർ വരെ വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് കെ.എസ്.ഇ.ബി. ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ സെപ്റ്റംബർ മുതൽ ജലസേചനത്തിന് ജലം ആവശ്യമായതിനാൽ ജൂൺ മുതൽ സെപ്റ്റംബർ വരെ മാത്രമേ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി ജലം വിട്ടുനൽകാൻ സാധിക്കുകയുള്ളൂ. വൈദ്യുതോൽപ്പാദനത്തിന് വേണ്ടി എല്ലായ്പ്പോഴും ഡാമിന്റെ മുഴുവൻ സംഭരണശേഷിയിൽ ജലം നിലനിർത്തേണ്ടതുണ്ടെന്ന് കെ.എസ്.ഇ.ബി. അറിയിച്ചിട്ടുണ്ട്. എന്നാൽ ജൂൺ, ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിൽ ഡാമിന്റെ മുഴുവൻ സംഭരണ ശേഷിയിൽ ജലം നിലനിർത്തിയാൽ വെള്ളപ്പൊക്കംപോലെയുള്ള അപകട സാധ്യതകൾ ഡാമിന്റെയും ജനങ്ങളുടെയും സുരക്ഷയെ ദോഷകരമായി ബാധിക്കും. ആയതിനാൽ ഈ വിഷയങ്ങളിൽ ഒരു പഠനം നടത്തി വിദഗ്ധാഭിപ്രായം നിർദ്ദേശിക്കുന്നതിനായി ഐ.ഡി.ആർബി ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പഠനം പൂർത്തിയായതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. |
| (ബി) പഴശ്ശിസാഗർ ചെറുകിട ജലവൈദ്യുത പദ്ധതി എത്രയും വേഗം പ്രവൃത്തി ആരംഭിക്കുവാൻ സഹായകരമായ നിലയിൽ നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുവാനും 3.05 ഹെക്ടർ സ്ഥലം കൈമാറ്റം ചെയ്യുവാനും അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ